**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3716** **09-10-2025 - ൽ മറുപടിയ്ക്ക്**

**ട്രാക്ടർ പാത്ത് വേയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നഗരസഭയിൽ ഈസ്റ്റ് വില്ലൂർ ഭാഗത്ത് ഇരണിയൽ തോടിനോട് ചേർന്നുള്ള ട്രാക്ടർ പാത്ത് വേയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ ഇരണിയിൽ തോടിന് ചേർന്നുള്ള ട്രാക്ടർ പാത്ത് വേയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച് ബഹു. കോട്ടക്കൽ MLA-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ സ്ഥല പരിശോധന നടത്തി സമർപ്പിച്ചിരുന്ന റിപ്പോർട്ട് പ്രകാരം തോടിനും നെൽവയലിനും ഇടയിൽ 4 മീറ്റർ വീതിയിൽ മണ്ണിട്ടു ഉയർത്തി 295 മീറ്റർ നീളത്തിലും 90 സെന്റിമീറ്റർ ഉയരത്തിലും നിർമ്മിച്ചിരിക്കുന്ന നിലവിലെ റോഡിന്റെ സംരക്ഷണഭിത്തി നെൽവയൽ സംരക്ഷിക്കുന്നതിനോ മണ്ണൊലിപ്പ് തടയുന്നതിനോ വേണ്ടിയുള്ളതല്ല. ആയതിനാൽ ടി നിർമ്മാണം മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്ന വിഷയമല്ല. എന്നാൽ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് നിർമ്മിച്ച പ്രസ്തുത റോഡ് അടിയന്തരമായി നീക്കം ചെയ്ത് നിലം പൂർവ്വസ്ഥിതിയിലാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതിന് മലപ്പുറം ജില്ലാ കളക്ടർ കോട്ടയ്ക്കൽ മുനിസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഈ പ്രവൃത്തി സോയിൽ കൺസർവേഷൻ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മതിയായ തുക വകയിരുത്തി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ ഇരണിയിൽ തോടിന് ചേർന്നുള്ള ട്രാക്ടർ പാത്ത് വേയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച് ബഹു. കോട്ടക്കൽ MLA-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ സ്ഥല പരിശോധന നടത്തി സമർപ്പിച്ചിരുന്ന റിപ്പോർട്ട് പ്രകാരം തോടിനും നെൽവയലിനും ഇടയിൽ 4 മീറ്റർ വീതിയിൽ മണ്ണിട്ടു ഉയർത്തി 295 മീറ്റർ നീളത്തിലും 90 സെന്റിമീറ്റർ ഉയരത്തിലും നിർമ്മിച്ചിരിക്കുന്ന നിലവിലെ റോഡിന്റെ സംരക്ഷണഭിത്തി നെൽവയൽ സംരക്ഷിക്കുന്നതിനോ മണ്ണൊലിപ്പ് തടയുന്നതിനോ വേണ്ടിയുള്ളതല്ല. ആയതിനാൽ ടി നിർമ്മാണം മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രവർത്തന |

| | | | |
|---|---|---|---|
| | | | പരിധിയിൽപ്പെടുന്ന വിഷയമല്ല. എന്നാൽ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചുകൊണ്ട് നിർമ്മിച്ച പ്രസ്തുത റോഡ് അടിയന്തരമായി നീക്കം ചെയ്ത് നിലം പൂർവ്വസ്ഥിതിയിലാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതിന് മലപ്പുറം ജില്ലാ കളക്ടർ കോട്ടയ്ക്കൽ മുനിസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ